ജനുവരി – ഏപ്രിൽ 2008

11 12

# ഭാരതീയ വൈദ്യ സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്



## വി.എം. കുട്ടികൃഷ്ണമേനോൻ അനുസ്മരണപതിപ്പ്

# ആയുർവേദത്തിന്റെ അന്തഃസത്ത

## വി.എം. കുട്ടികൃഷ്ണമേനോൻ

എല്ലാ മതങ്ങളും പരിപൂർണ്ണതയെ ലക്ഷീകരിച്ചുള്ള മാർഗ്ഗങ്ങളാണെന്നതുപോലെത്തന്നെ എല്ലാ ശാസ്ത്രങ്ങളും അതതു വിഷയത്തെ സംബന്ധിച്ച പരമാർത്ഥജ്ഞാനത്തെ ലക്ഷീകരിച്ചുനീങ്ങുന്ന പന്ഥാവുകളാണ്. മാർഗ്ഗമേതായാലും ലക്ഷ്യം ഒന്നുതന്നെ. ലക്ഷ്യപ്രാപ്തിക്കു സഹായകമാകാത്തതൊന്നും ശാസ്ത്രസംജ്ഞയെ അർഹിക്കുന്നുമില്ല. സത്യാന്വേഷണത്തിന് അംഗീകരിക്കുന്ന ഓരോ മാർഗ്ഗവും സാഹചര്യഭേദേന വിഭിന്നങ്ങളായി ഭവിക്കുമെന്നുമാത്രം. എല്ലാ വൈദ്യശാസ്ത്രങ്ങളുടേയും ലക്ഷ്യം ആരോഗ്യസമ്പാദനമല്ലാതെ മറ്റൊന്നുമല്ല. ആയുർവേദത്തിന്റെ പരമലക്ഷ്യവും അതുതന്നെ. ആയുസ്സിനെപ്പറ്റിയുള്ള അറിവ് എന്നാണല്ലോ ആയുർവേദസംജ്ഞയുടെ അർത്ഥം. പക്ഷേ ഭാരതീയവൈദ്യശാസ്ത്രമെന്നു വിവക്ഷിക്കപ്പെടുന്ന ആയുർവേദംപോലൊരു ശാസ്ത്രം തനി ഭാരതീയ സംസ്കാരത്തിൽ നിന്നുമാത്രമേ ഉടലെടുക്കുകയുള്ളൂ എന്ന വാസ്തവം സാഹചര്യഭേദംകൊണ്ടു വന്നു ചേർന്നതാണ്.

### ആയുർവേദം ഗുണാധിഷ്ഠിതം

മറ്റു വൈദ്യശാസ്ത്രങ്ങളെല്ലാം വസ്ത്വധിഷ്ഠിതമായിരിക്കുമ്പോൾ (Objective) ആയുർവേദം ഗുണാധിഷ്ഠിതമാണെന്നുള്ളതാണ്

(Qualitative) അവ തമ്മിലുള്ള മൗലികമായ വ്യത്യാസം. പ്രത്യേകാവയവസംബന്ധിയായ രോഗങ്ങളുടെ നിദാനത്തേയും ചികിത്സയേയും വിവരിക്കുകയെന്ന കാര്യം ആയുർവേദത്തിൽ അപ്രധാനമാണ്. മനുഷ്യനെ സമഗ്രമായി വീക്ഷിക്കുകയും അവന് പ്രപഞ്ചത്തോടുള്ള അഭേദ്യമായ ബന്ധത്തെ വിലയിരുത്തുകയുമാണ് ആയുർവേദം പ്രധാനമായും ചെയ്യുന്നത്. സ്വസ്ഥനും വ്യാധിതനും എന്നു രണ്ടുവിഭാഗത്തിൽ ഉൾപ്പെടുന്നവരാണല്ലോ മനുഷ്യരെല്ലാം തന്നെ. അവരിൽ വ്യാധിതരെ സ്വസ്ഥരാക്കുകയെന്നുള്ളതിൽ ഒട്ടും കുറയാത്ത പ്രാധാന്യമാണ് സ്വസ്ഥരെ വ്യാധിതരാവാതെ രക്ഷിക്കുകയെന്ന കാര്യത്തിന് ആയുർവ്വേദം നൽകുന്നത്. അതിനുവേണ്ടി വിധിക്കുന്ന നിബന്ധനങ്ങൾ മനുഷ്യന്റെ കായവാങ്മനോവൃത്തികളെ സമഗ്രമായി ബാധിക്കുന്നവയുമാണ്. ആയുർവ്വേദത്തിൽ 'സ്വസ്ഥ'നാവണമെങ്കിൽ ജ്വരാദിരോഗങ്ങൾ ബാധിക്കാത്തവനായാൽ പോര. ത്രിദോഷങ്ങളും സമാവസ്ഥയിലായിരിക്കണം, ജാഠരാഗ്നിക്കും ദേഹധാതുക്കൾക്കും മലപ്രവൃത്തികൾക്കും ഏറ്റക്കുറച്ചിലുണ്ടായിരിക്കരുത്. പ്രത്യേകിച്ച് ഇന്ദ്രിയവും, ആത്മാവും, മനസ്സും തെളിവോടുകൂടിയിരിക്കണം.[1] സ്വസ്ഥനാവണമെങ്കിൽ ഏറ്റവും കുറഞ്ഞത് ഇത്രയെങ്കിലും വേണമെന്നാണ് വിധി. ഇവിടെ ആത്മാവിനും, മനസ്സിനും കൊടുത്തിട്ടുള്ള പ്രാധാന്യം ഒട്ടും അവഗണിച്ചുകൂടാ. മനോനിയന്ത്രണംകൊണ്ട് അഷ്ടൈശ്വര്യസിദ്ധികളും, വശഗമാക്കാമെന്നു സ്ഥാപിച്ചിട്ടുള്ളവർ ആരോഗ്യശാസ്ത്രത്തിൽ ഏറ്റവും പ്രാധാന്യം മനസ്സിനു നൽകുന്നതിൽ അത്ഭുതപ്പെടുവാനില്ല. 'മനമേവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ' എന്ന കാര്യത്തിൽ അവർക്കു സംശയമേയില്ല. സർവ്വരോഗസംഹാരകനായ ധന്വന്തരി മൂർത്തിയെയല്ല രാഗദ്വേഷാദിരോഗങ്ങളുടെ നിഹന്താവായ അനാദിശക്തിയെയാണ് തന്റെ ഗ്രന്ഥത്തിലെ പ്രഥമപദ്യത്തിൽതന്നെ അഷ്ടാംഗഹൃദയ കർത്താവായ വാഗ്ഭടാചാര്യർ വന്ദിക്കുന്നത് എന്നത് അർത്ഥവത്താണ്.[2] ആയുസ്സ് എന്ന പദത്തിനെ നമ്മൾ ധരിച്ചുവെച്ചിട്ടുള്ള ജീവിതകാലം (Life-Span) എന്ന അർത്ഥ

ത്തിലല്ല പ്രാചീനാചാര്യന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. അവരുടെ ദൃഷ്ടിയിൽ അത് കേവല ശരീരവും പഞ്ചേന്ദ്രിയങ്ങളും മനസ്സും ആത്മാവും സംയോജിച്ചുകൊണ്ടുള്ള ഒരു പ്രതിഭാസമാണ്. (ശരീരേന്ദ്രിയസത്വാത്മസംയോഗം). ആയുസ്സിന് 'അനുബന്ധം' എന്ന ഒരു പര്യായപദമുണ്ട്. തുടർച്ചയായുള്ളത്, നശിക്കാത്തത് എന്നാണ് അതിനർത്ഥം. ഭൗതികശരീരങ്ങൾ മാറിക്കൊണ്ടിരുന്നാലും ആത്മാവ് അതതു ശരീരങ്ങളിൽ പ്രവേശിച്ച് പുനർജ്ജന്മം നേടുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ഇങ്ങനെ ആയുസ്സിന് ആത്മാവിന്റെ സഹവർത്തിത്വം തന്നെ കൽപ്പിച്ചുകൊടുത്തിരിക്കുന്നു.

## പ്രകൃതിയും പുരുഷനും

അതങ്ങനേയേ വരുവാൻ നിവൃത്തിയുള്ളൂ. ഭാരതീയദൃഷ്ട്യാ ശരീരത്തിന്റേയും മനസ്സിന്റേയും ചേരുവ അടിസ്ഥാനപരമായി ഒന്നു തന്നെയാണ്. മൂലപ്രകൃതിയേയും പ്രപഞ്ചസൃഷ്ടിയേയും പറ്റിയുള്ള ഭാരതീയരുടെ ആശയഗതിയോട് അനുബന്ധിച്ചാണ് അതിന്റെ സ്ഥിതി. പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയും ആയുർവേദത്തിന്റെ ഉൽപ്പത്തിയും ഒരുമിച്ചാണ്. അതുകൊണ്ട് സൃഷ്ടിയുടെ പ്രാരംഭത്തിൽ നിന്നുതന്നെ തുടങ്ങാം. സംഭൂതമായ ഒരു കല്പാന്തകാലപ്രളയത്തിനുശേഷം അന്തരീക്ഷമാത്രമായ അണ്ഡകടാഹം നിശ്ചലമായി, നിശ്ചേതനമായി നിത്യനിദ്രയിൽ ശയിക്കുന്നു. സർവ്വചരാചരങ്ങൾക്കും ബീജഭൂതവും ഏകരൂപവും (Homogenous) ആകൃതിയോ ഘടനയോ (Consistency) ഇല്ലാത്തതുമായ ഈ ദ്രവ്യമാണ് ഹൈന്ദവദാർശനികരുടെ മൂലപ്രകൃതി (Unmanifested Nature or Matter) ന്യായവൈശേഷികദാർശനികപ്രകാരം ഇതിൽ രണ്ടോ അതിലധികമോ അണുക്കളുടെ സംയോജനം നടക്കുന്നു. ഇതാണ് 'ആരംഭവാദം' (Theory of Creation or Commencement) സാംഖ്യയോഗക്കാരാകട്ടെ ഒരണുവിന്റെ ഉള്ളിൽ തന്നെ നടക്കുന്ന വിസ്ഫോടനമാണ് സംഭവിക്കുന്നതെന്നും അത് സ്വസ്വഭാവജമാണെന്നും വാദിക്കുന്നു.

ഇതാണ് 'പരിണാമവാദം' (Theory of Evolution) ഏതായാലും പ്രപഞ്ചത്തിന്റെ ആദ്യത്തെ ചലനം അങ്ങനെ സംഭവിച്ചുകഴിഞ്ഞു. ഈ ചലനത്തിന് കാരണഭൂതമായ അണുപ്രവേശനമോ അണുസ്ഫോടനമോ ആണ് 'പുരുഷൻ' (Agent, Spirit, Elemental units of Consciousness). പ്രകൃതിവികൃതിയുടെ ഹേതുഭൂതൻ. പ്രകൃതിയും പുരുഷനും യോജിക്കുമ്പോൾ മാത്രമേ തദ്വാരാ സൃഷ്ടിയും സംഭവിക്കുകയുള്ളൂ. പിന്നീട് പിന്നീട് വന്നവർ ഇവയെ ശക്തിയും ശിവനുമെന്നു നിർദ്ദേശിച്ചുതുടങ്ങി.

'ശിവഃ ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും
ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി'
(സൗന്ദര്യലഹരി)

എന്നു തുടങ്ങിയ കൽപ്പനകൾ ഈ അനന്തരവീക്ഷണത്തിന്റെ സന്തതികളാണ്. ഈ പുരുഷൻ നിർഗ്ഗുണനാണ് ; സാക്ഷിമാത്രമാണ്. പ്രകൃതിക്കുമാത്രമാണ് കർമ്മോന്മുഖത്വം. പക്ഷേ രണ്ടും ചേർന്നാൽ മാത്രമേ പ്രകൃതി അനുഭവ വിഷയമാകൂ. അവ ആത്മാവും ശരീരവും പോലെ അന്യോന്യബദ്ധങ്ങളാണ് ; ഒന്നെന്നപോലെ പ്രവർത്തിക്കുകയും ചെയ്യുന്നു. ന്യായവൈശേഷികമതപ്രകാരം ലോകത്തിലെ എല്ലാ വസ്തുക്കളും അണുക്കളുടെ സംയോഗം മൂലം ഉണ്ടാകുന്നവയാണ്. വസ്തുക്കളെ വിഭജിച്ചുവിഭജിച്ച് വിഭജനം സാദ്ധ്യമല്ലാതെവരുമ്പോൾ 'പരമാണു' (Ultimate Entity) എന്നു പറയുന്നു. ഇവയുടെ സംയോജനംകൊണ്ട് പുതിയപുതിയ ദ്രവ്യങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു. മനസ്സിനേയും ശരീരത്തേയും സംബന്ധിച്ചും ഇതുപോലെ അണുക്കളുണ്ട്. അവ സംയോജിക്കുമ്പോൾ ജീവിതം ആരംഭിക്കുന്നു.

**ത്രിഗുണങ്ങൾ**

പ്രപഞ്ചത്തിന്റെ എല്ലായിടത്തും അതിന്റെ എല്ലാ സൂക്ഷ്മ ഘടകങ്ങളിൽ പോലും വ്യാപിച്ചുകിടക്കുന്നവയാണ് സത്വം രജസ്സ് തമസ്സ്

എന്ന ത്രിഗുണങ്ങൾ. മൂലപ്രകൃതിയെസ്സംബന്ധിച്ചിടത്തോളം ഇവ കേവലം ഗുണങ്ങളല്ല ; അതിന്റെ ഘടകങ്ങൾ തന്നെയാണ്. പ്രകൃതി അചഞ്ചലമായിക്കിടക്കുമ്പോൾ ഇവ ഘടകരൂപേണ അതിൽ ലയിച്ചുകിടന്നിരുന്നു. 'സർവ്വഭൂതാനാം കാരണം, അകാരണം, സത്വരജസ്തമോലക്ഷണം, അഷ്ടരൂപം,[3] അഖിലസ്യ ജഗതഃ സംഭവഹേതു, അവ്യക്തം നാമ'.പുരുഷന്റെ പ്രവേശത്തോടുകൂടി ത്രിഗുണങ്ങളുടെ ഈ സമതുലിതാവസ്ഥ നഷ്ടപ്പെടുകയും രജോഗുണത്തിന്റെ പ്രവർത്തനം മൂലം സൃഷ്ടി സംഭവിക്കുകയും ചെയ്യുന്നു. സമുദ്രത്തിലെ തിരമാലകളെന്നപോലെത്തന്നെ അന്യോന്യവിരുദ്ധഗുണങ്ങൾചേർന്നു രജസ്സും, തമസ്സും യോജിച്ചുണ്ടാകുന്ന അലകളിൽനിന്ന് ആദ്യത്തെ ശബ്ദം ഉത്ഭവിക്കുകയും ചെയ്തു. മറ്റു പരിണാമങ്ങളെല്ലാം ശബ്ദോല്പത്തിക്കുശേഷം ഉണ്ടായവയാണ്. ശരീരത്തിലെ ത്രിദോഷങ്ങൾ പോലെത്തന്നെ ത്രിഗുണങ്ങളും അവയുടെ സമതുലിതാവസ്ഥ പാലിച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം അവ ദോഷകരമല്ല. രജസ്സിന്റെ അതിപ്രവർത്തനത്തെ തമോഗുണം നിയന്ത്രിക്കുന്നതുകൊണ്ട് സൃഷ്ടിയിൽ കുറേയൊക്കെ അടുക്കും ചിട്ടയും സംഭവിക്കുന്നു.

ഈ ത്രിഗുണങ്ങളും ഒരുമിച്ചുവർത്തിക്കാത്ത ഒരു ദ്രവ്യവുമില്ല. അവയ്ക്ക് വെവ്വേറെ അസ്തിത്വവുമില്ല. സത്വാദിവ്യവഹാരങ്ങളെല്ലാം പ്രാധാന്യത്തെ അനുസരിച്ചുമാത്രമാണ്. തമ്മിൽത്തമ്മിൽ സഹകരിക്കുന്നുണ്ടെങ്കിലും ഒരിക്കലും അവ ഒന്നായിത്തീരുന്നില്ല. യോജിച്ചും വിയോജിച്ചും പിന്നേയും യോജിച്ചും അവ പ്രവർത്തിക്കുന്നു. അതിസ്ഥൂലങ്ങളോ അതിസൂക്ഷ്മങ്ങളോ ആയ എല്ലാ വസ്തുക്കളും ഈ ത്രിഗുണങ്ങളെ വഹിക്കുന്നതുകാരണം അവയെ ദ്രവ്യങ്ങളായി തന്നെ ചിലർ വ്യവഹരിക്കുന്നു. പരിശുദ്ധവും ലളിതവുമായതെല്ലാം സത്വം (Essence), കർമ്മനിരതമായതെല്ലാം രജസ്സ് (Energy), മന്ദവും പ്രവൃത്തിവിമുഖവുമായതെല്ലാം തമസ്സ് (Mass) എന്ന് സാമാന്യമായി പറയാവുന്നതാണ്. ലോകാനുഭവത്തെ വെച്ചുനോക്കിയാൽ ഇവയെ

സുഖം, ദുഃഖം, മോഹം എന്നു വിശേഷിപ്പിക്കാം. ഭൗതികമായി നോക്കിയാൽ എവിടെ ശക്തി (Energy) ഉണ്ടോ അത് രജസ്സിന്റേയാണ്. എവിടെ സ്ഥിരത്വ (Stability)മുണ്ടോ അത് തമസ്സിന്റേതാണ്. എവിടെ ജ്ഞാനവൃത്തി (Conscious Manifestation) യുണ്ടോ അത് സത്വത്തിന്റേതാണ്. ജ്ഞാനം (Self Realisation), മേധ (Intelligence, widsom), ധൃതി (Self Control), സ്മൃതി, മൈത്രി, സത്യം, ധർമ്മം, അഹിംസ, ക്ഷമ, അപരിഗ്രഹം (അത്യാഗ്രഹമില്ലായ്മ), അദ്വേഷം, സ്നേഹം, തപം, നിർഭയത, ധൈര്യം, തൃപ്തി, ശുചിത്വം, ആസ്തിക്യം (ഈശ്വരവിശ്വാസം) മുതലായ ഗുണങ്ങളുള്ളവൻ സാത്വികനാണ്. സത്വഗുണവാൻ യഥാർത്ഥദർശിയും (Right Perception) യഥാർത്ഥകാരിയും (Right Conduct) തന്മൂലം വിവേചനാശക്തിയുള്ളവനുമായിരിക്കും. അവനെ 'ആപ്ത' (Trustworthy) നെന്ന് ഗണിക്കുന്നു. അത്യാഗ്രഹം, വികാരം, അസൂയ, വെറുപ്പ്, ഔദ്ധത്യം, കാപട്യം, ധാർഷ്ട്യം, ക്രൗര്യം, അക്ഷമത, ഭൗതികസുഖാസക്തി മുതലായവയെല്ലാം രാജസഭാവങ്ങളാണ്. അജ്ഞാനം, ബുദ്ധിരാഹിത്യം, അലസത, മാന്ദ്യം, നിദ്ര, നാസ്തിക്യം, ദുഃഖം, ഉത്ക്കണ്ഠ മുതലായവയെല്ലാം താമസഭാവങ്ങളാണ്. പ്രകൃതിയുടെ ഈ ത്രിത്വത്തിന് അനുസരണമാണ് പുരുഷന്റെ ത്രിത്വവും. എല്ലാ ദൃശ്യപ്രതിഭാസങ്ങളിലും പ്രകൃതിയും പുരുഷനും വെവ്വേറെയില്ല, 'പ്രകൃതിപുരുഷ'നേ (Spirit Matter) ഉള്ളൂ. പ്രപഞ്ചത്തിന്റെ പരമസത്തയായ ഈ ത്രിഗുണങ്ങൾ മനുഷ്യശരീരത്തിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന അന്വേഷണത്തിന്റെ ഫലമാണ് ആയുർവേദശാസ്ത്രം. അതുകൊണ്ടാണ് അവയെപ്പറ്റി ഇത്രത്തോളം ഉപപാദിക്കേണ്ടിവന്നത്.

മനുഷ്യനെ പ്രകൃതിയിലെ മറ്റു വർഗ്ഗങ്ങളിൽനിന്ന് വേർത്തിരിക്കുന്നതായ 'ജീവസ്സ്' പരിണാമശ്രേണിയിൽ ഏറ്റവും ഉയർന്നു നിൽക്കുന്നു. ജീവൻ ഉണ്ടെന്നുള്ളതാണ് അതിന്റെ പ്രത്യേകത. ജീവനും മനസ്സും ഭൂതത്വവും, അഥവാ രജസ്സ് സത്വം തമസ്സ്, തന്നെയാണ് വാതപിത്തകഫങ്ങൾ. ഇത് ആധുനികശാസ്ത്രത്തിനോട്

അത്യന്തം യോജിച്ചതുതന്നെയാണല്ലോ. ഈ ത്രിഗുണങ്ങളുടെ പ്രവർത്തനത്തിന്റെ ഫലമാണ് എല്ലാ ശാരീരികപ്രക്രിയയുമെന്ന് ആ സത്യാന്വേഷികൾ കണ്ടെത്തി. ഗുണങ്ങളെക്കൊണ്ടുണ്ടാകുന്ന വൈഷമ്യങ്ങളെ (രോഗങ്ങളെ) ഗുണങ്ങളെക്കൊണ്ടുതന്നെ നേരിടേണ്ടതാണെന്നും അവർ മനസ്സിലാക്കി.

വാതപിത്തകഫങ്ങളാകുന്ന ത്രിദോഷങ്ങളിലാണല്ലോ ആയുർവേദ ചികിത്സാശാസ്ത്രത്തിന്റെ അസ്തിവാരം പണിതിട്ടുള്ളത്. വാതം രജോഗുണാധികമെന്നും പിത്തം സത്വഗുണാധികമെന്നും കഫം തമോഗുണാധികമെന്നും സാമാന്യമായി പറയാം. പക്ഷേ, ഈ വിഷയത്തെ സമീപിക്കുന്നതിന് കൂടുതൽ എളുപ്പം പഞ്ചമഹാഭൂത തത്വങ്ങളിൽക്കൂടിയാണ്. സാംഖ്യമതപ്രകാരം പ്രകൃതിയിൽ നിന്ന് ബുദ്ധി അഥവാ മഹത്തത്വവും (Cosmic matter - Intellect or the Great Principle) മഹത്തത്വത്തിൽ നിന്ന് അഹങ്കാരവും (Self Sense, Principle of Egoism) പഞ്ചതന്മാത്രകളും അഥവാ സൂക്ഷ്മഭൂതങ്ങളും (Pre-matter stages, Photo-Matter charged with Electricity, Subtle material jalpotencies) ഉത്ഭവിക്കുന്നു. ത്രിഗുണങ്ങളിൽ കർമ്മകാരിയായ രജസ്സാണ് ഈ പരിണാമങ്ങളെ വരുത്തിത്തീർക്കുന്നത്. ഈ പഞ്ചതന്മാത്രകൾ പൃഥിവി, അപ്, തേജസ്സ്, വായു, ആകാശം എന്നീ സാക്ഷാൽ പഞ്ചഭൂതങ്ങളായി പരിണമിക്കുന്നു. ഓരോ ഭൂതപരമാണുവിലും (Atom Brick Blocks) രണ്ടുതരം തന്മാത്രകളുടെ ആവശ്യമുണ്ട് - കേന്ദ്രബിന്ദുവും ബാഹ്യവർത്തിയും. സാംഖ്യമതപ്രകാരമുള്ള ഇവയാണ് പ്രോട്ടോണുകളെന്നും ഇലക്ട്രോണുകളെന്നും ആധുനികശാസ്ത്രം വിവക്ഷിക്കുന്നത്. ആയുർവേദാചാര്യന്മാരാകട്ടെ, പഞ്ചമഹാഭൂതങ്ങളുടെ ഉത്ഭവത്തിന് വൈദിക മതമാണ് അനുസരിക്കുന്നത്. അതായത് പരമാത്മാവിൽ നിന്നും പ്രകൃതിയുടെ ത്രിഗുണത്വത്തിൽനിന്നും 'ആത്മനഃ ആകാശഃ അപ്ഭ്യഃ പൃഥ്വീഃ പൃഥിവ്യഃ ഔഷധയഃ ഓഷധയോരന്നം, അന്നാത് പുരുഷഃ' (തൈത്തരീയോപനിഷത്ത്) ആത്മാവിന്റെ തന്മാത്രയ്ക്കു

കൂടി ജീവികളുടെ ശരീരഘടനയിൽ പങ്കുണ്ടെന്നാണ് അവരുടെ പക്ഷം. പ്രായോഗികമായ പഞ്ചഭൂതങ്ങളേയും ആത്മസമുദായത്തേയും തന്നെയാണ് ആയുർവേദത്തിൽ പുരുഷൻ എന്നു പറയുന്നത്. ജീവൻ ഉള്ളതും ഇല്ലാത്തതും (ജഡം) എന്നു പ്രപഞ്ചത്തിൽ രണ്ടുവിധം ദ്രവ്യങ്ങളുണ്ടല്ലോ. ജീവൻ ഉള്ളവയെല്ലാം ആത്മാവുള്ളവയുമാണ്. ജ്ഞാനശക്തി, ഇച്ഛാശക്തി, ക്രിയാശക്തി (Power to Know, to desire, to act) എന്നീ ശക്തിത്രയത്തിന്റെ ഉടമയാണ് ആത്മാവ്.

ഗുണങ്ങളും കർമ്മങ്ങളും ഊടും പാവും പോലെ അന്യോന്യബദ്ധമായി യാതൊന്നിനെ ആശ്രയിച്ചിരിക്കുന്നുവോ അതിനെയാണ് ദ്രവ്യമെന്ന് പറയുന്നത് (യത്രാശ്രിതാഃ കർമ്മ ഗുണാഃ കാരണം സമവായി യത്, തദ്ദ്രവ്യം-ചരകസംഹിത). പഞ്ചഭൂതങ്ങളുടെ ന്യൂനാധികഭാവങ്ങൾക്കൊണ്ടാണ് ലോകത്തിലെ വിവിധപദാർത്ഥങ്ങൾ ഉണ്ടാകുന്നതും വിവിധ വ്യാപാരങ്ങൾ നടക്കുന്നതും. ദ്രവ്യങ്ങൾ പഞ്ചേന്ദ്രിയങ്ങൾ വഴി അറിയാവുന്നതുമാണ്. ലോകത്തിലെ എല്ലാ ദ്രവ്യങ്ങളും പാഞ്ചഭൗതികങ്ങളാണ് (സർവ്വം ദ്രവ്യം പാഞ്ചഭൗതികം അസ്മിന്നർത്ഥേ - ച.സം.) അതുകൊണ്ടുതന്നെ എല്ലാ ദേഹധാതുക്കൾക്കും പ്രത്യേകമായ ഗുണകർമ്മങ്ങൾ ഉള്ളതുകൊണ്ട് ശരീരം പഞ്ചഭൗതികദ്രവ്യമാണ്. ഭൂമിക്ക് ഖരത്വവും ജലത്തിന് ദ്രവത്വവും വായുവിന് ചലനത്വവും തേജസ്സിന് ഉഷ്ണത്വവും ആകാശത്തിന് ഒരു തടവുമില്ലാത്ത അവകാശത്വവും ആണ് പഞ്ചഭൂതങ്ങളുടെ സാമാന്യ ലക്ഷണം. (ഖരദ്രവചലോഷ്ണത്വം ഭൂജലാനിലതേജസാം ആകാശസ്യാപ്രതീഘാതോ ദൃഷ്ടം ലിംഗം യഥാക്രമം - ച.സം.) ഇവിടെ പാർത്ഥിവാദി പദങ്ങൾ ഉപയോഗിക്കുന്നത് എളുപ്പത്തിൽ മനസ്സിലാകുവാൻവേണ്ടി മാത്രമാണെന്നു മറക്കരുത്. ആ പദങ്ങൾകൊണ്ട് നമുക്ക് ദൃശ്യമായ ഭൂമിയേയോ വായുവിനേയോ അല്ല ഉദ്ദേശിക്കുന്നത്. അവയ്ക്കു കൽപ്പിച്ചിട്ടുള്ള ഖരത്വാദിഗുണങ്ങളെ, ഭൂതതത്വങ്ങളെ മാത്രമാണ്. ഉദാഹരണത്തിന് ഭൂമി ഗുണം കൊണ്ട് ചൂടും, തണുപ്പും ഇല്ലാത്തതാണ്. ദൃശ്യമായ ഭൂമിയാകട്ടെ ആഗ്നേയജലഗുണങ്ങൾകൂടി

ചേർന്നതാണ്. അവ ചേരാത്ത അവസ്ഥയിലുള്ള, ആദ്യരൂപത്തിലുള്ള ഗുണങ്ങളെയാണ് വിവക്ഷിക്കുന്നത് എന്നു സാരം. അതായത്, തന്മാത്രകളിൽനിന്നും ഭൂതത്വം പ്രാപിച്ചപ്പോഴത്തെ അവസ്ഥയ്ക്കുള്ള ഗുണങ്ങളാണ് വിവക്ഷ. ചുരുക്കത്തിൽ, അടിസ്ഥാനഗുണങ്ങളാണ് കാര്യം. ഉദാഹരണാർത്ഥം പ്രത്യക്ഷവസ്തുക്കളുടെ നാമങ്ങൾ കൊടുത്തുവെന്നേയുള്ളൂ. ആ വസ്തുക്കളിൽ ആ ഗുണങ്ങൾക്കാണല്ലോ പ്രാമുഖ്യം. ഭാരതീയവീക്ഷണവിശേഷമായ ഗുണാധിഷ്ഠാനതത്വത്തിന്റെ ഉത്തമമായ ഉദാഹരണമാണ് ഇത്. പഞ്ചഭൂതങ്ങൾ അവയുടെ അസങ്കലിതവും പരിശുദ്ധവുമായ അവസ്ഥയിൽ ദൃഷ്ടിഗോചരമല്ല.

പഞ്ചഭൂതങ്ങൾ ചേർന്നാണ് വാതപിത്തകഫങ്ങളാകുന്ന ത്രിദോഷങ്ങളുണ്ടായത്. വായ്വാകാശങ്ങൾ (ഇവയുടെ ഗുണങ്ങൾ) ചേർന്നു വാതവും തേജസ്സിനാൽ പിത്തവും ഭൂമ്യംബുക്കൾ ചേർന്ന് കഫവും സംജാതമായി. പിത്തത്തെ 'അപ്തേജസ്മാരബ്ധ'മെന്നു രണ്ടു ഭൂതങ്ങളുടെയും മിശ്രണമായി ചരകവ്യാഖ്യാതാവായ ചക്രപാണി പറയുന്നു. ഒരുവനിൽ ഏതു മഹാഭൂതമാണോ അധികമായിട്ടുള്ളത് അതിനെ അനുസരിച്ചായിരിക്കും അവന്റെ പ്രകൃതി. അങ്ങനെ പഞ്ചഭൂതങ്ങളെക്കൊണ്ട് അഞ്ചുതരം പ്രകൃതികളുണ്ടാകുന്നു. എല്ലാവരിലും എല്ലാ ഭൂതങ്ങളുമുണ്ടെങ്കിലും ആധിക്യത്തിനെ അനുസരിച്ചുമാത്രമാണ് ഇവിടെ വ്യവഹാരം. വാതപിത്തകഫപ്രകൃതികൾ ക്രമേണ വായു, അഗ്നി, ജലം എന്നീ ഭൂതങ്ങളുടെ ആധിക്യമുള്ള മനുഷ്യരിലാണ് കാണുന്നത്. പാർത്ഥിവഭൂതാധിക്യമുള്ള പുരുഷൻ ദൃഢവും, വിശാലവുമായ ശരീരമുള്ളവനും സഹിഷ്ണുവുമായിരിക്കും. ആകാശപ്രകൃതിയായ പുരുഷൻ ശുദ്ധാചാരവിചാരങ്ങളുള്ളവനും ചിരായുവും വായ മുതലായ ഛിദ്രങ്ങൾക്ക് വലിപ്പമുള്ളവനുമായിരിക്കും. പ്രത്യേക ദേഹഭാഗങ്ങളെ സംബന്ധിച്ചുപോലും ഈ വിഭാഗീയത കാണാനാവുന്നതാണ്. ഉദാഹരണത്തിന് തടിച്ചതും കട്ടിയായതും ഗുരുത്വമുള്ളതും പരുപരുത്തതുമായ ദേഹഭാഗങ്ങൾ പാർത്ഥിവങ്ങളാണ്. ചൂടും, തേജസ്സുമുള്ളവയൊക്കെ ആഗ്നേയങ്ങ

ളാണ്. ആകാശം ജീവശക്തി (Life Force)യാണ്. മനുഷ്യരുടെ മാനസ്സികവും ആദ്ധ്യാത്മികവുമായ കർമ്മങ്ങളുടെ അടിത്തറയാണത്. പൃഥ്വീഭൂതം ശരീരത്തിന് ആകൃതികൊടുക്കുകയും ഊർജ്ജത്തെ അഴിച്ചുവിടുകയും ചെയ്യുന്നു. അസ്ഥികളും മാംസവും ധാതുക്കളും ശരീരത്തിൽ ഇതിനെ പ്രതിനിധാനം ചെയ്യുന്നു. ഇവയില്ലെങ്കിൽ ദേഹത്തിന് ഇതുപോലെ ഒരാകൃതിയുണ്ടാവുകയില്ല. ഭൂമിയെ കുതിർക്കുകയും ഊർജ്ജത്തിനെ വഹിക്കുവാൻ സഹായിക്കുകയുമാണ് ജലധർമ്മങ്ങൾ. രക്തരസവും (Serum) രസലസീകയും (Lymph) ശരീരത്തിൽ ഇതിനെ പ്രതിനിധാനം ചെയ്യുന്നു. അവയില്ലെങ്കിൽ ദേഹം ശുഷ്ക്കിച്ചതും വലിഞ്ഞതുമായ ഒരു പിണ്ഡം മാത്രമാകും. അഗ്നി ദേഹത്തിന്റെ ആകൃതി സ്ഥിരമാക്കുകയും ശക്തിയും ഉത്തേജനവും നൽകുകയും ചെയ്യുന്നു. ദഹനപ്രക്രിയയും രക്തചംക്രമണവും ഇതിനെ പ്രതിനിധീകരിക്കുന്നു. വായു അഗ്നിയെ ജ്വലിപ്പിക്കുകയും ജീവിതത്തെ നിലനിർത്തുകയും ചെയ്യുന്നു. എല്ലാ സമ്പർക്കങ്ങൾക്കും കൊള്ളക്കൊടുക്കകൾക്കും ഇതു നിദാനമാണ്. ശ്വാസോച്ഛ്വാസവും സന്ധിസംസ്ഥാനവും (Nervous System) ഇതിനെ പ്രതിനിധാനം ചെയ്യുന്നു. ശരീരത്തിൽ ജീവനെത്തന്നെ സൃഷ്ടിക്കുന്നതാണ് വായു. ഈ അഞ്ചുഭൂതങ്ങളും അങ്ങനെ ഏകഭാവത്തിൽ ആരോഗ്യവും സൗന്ദര്യവുമുള്ള ശരീരം നിലനിർത്തുന്നു. ശരീരത്തിലെ പഞ്ചഭൂതങ്ങളുടെ കൂടുതൽ കുറവുകളെ ചികിത്സകൻ ഔഷധങ്ങളിലെ പഞ്ചഭൂതങ്ങൾക്കൊണ്ട് പരിഹരിക്കണം. പാർത്ഥിവഭൂതാധിക്യമുള്ള ഔഷധങ്ങൾക്കൊണ്ട് ബൃഹണം (അവയവങ്ങളുടെ പുഷ്ടി) ജലംകൊണ്ട് ക്ലേദനം (നുലവ്, നനവ്) അഗ്നികൊണ്ട് പചനം (പരിണാമം), വായുകൊണ്ട് കർശനം (അവയവങ്ങളുടെ ശോഷം, വലിവ്, ചടവ്) ആകാശംകൊണ്ട് വിവരണം (വിടർച്ച) എന്നിവ ഉണ്ടാകുന്നു. അതുപോലെത്തന്നെ ഭൂമികൊണ്ട് സംഘാതം (കട്ടിത്തം), ജലംകൊണ്ട് ഹ്ലാദനം (സൗമനസ്യം) അഗ്നികൊണ്ട് പ്രകാശം (തെളിമ), വായുകൊണ്ട് ശീഘ്രത (തീക്ഷണത, ആശുകാരിത്വം)

ആകാശംകൊണ്ട് സൗഷിര്യം (അവയവങ്ങളിൽ സ്രോതോരൂപത്തിലുള്ള വിടർച്ച) ഇവ സംഭവിക്കുന്നു. ഈ പ്രക്രിയയെ സുഗമമാക്കിത്തീർക്കുവാനുള്ള വിധത്തിലാണ് ശാസ്ത്രങ്ങളിൽ ആയുർവേദൗഷധങ്ങളുടെ ഗുണനിരൂപണം. ചികിത്സാവിഷയത്തിൽ ഈ ജ്ഞാനം ഏറ്റവും ഉപയോഗയോഗ്യമാണ്. സിരകൾ ചുരുങ്ങിപ്പോവുകയെന്നാൽ (Vaso-Constriction) ആകാശഗുണം കുറഞ്ഞുപോവുകയാണ്. അതിന് ആകാശഗുണമുള്ള ഔഷധങ്ങൾ (Vaso- Dialators), വേരിലും തണ്ടിന്റെ ഉള്ളിലും മറ്റും ധാരാളം പഴുതുള്ള ദ്രവ്യങ്ങൾ, ആണ് പ്രതിവിധി. ഇതാണ് പഞ്ചഭൗതികമായ ചികിത്സ. ചികിത്സാവിഷയത്തിൽ ഇതിലും പിന്നിലേയ്ക്കുപോയി ത്രിഗുണങ്ങളുടെ ന്യൂനാധികസ്ഥിതികളെപ്പറ്റി ചിന്തിക്കേണ്ടതില്ലെന്നാണ് വിധി (ഭൂതേഭ്യോ ഹി പരം യസ്മാന്നാസ്തി ചിന്താ ചികിത്സിതേ).

**ത്രിദോഷസിദ്ധാന്തം**

പക്ഷേ, പഞ്ചഭൂതവിചാരാത്മകമായ ഈ ചികിത്സ സിദ്ധന്മാർക്കുകൂടി ദുഷ്ക്കരമാണ്. എന്നുമാത്രമല്ല, ശാരീരിക പ്രക്രിയകളെ (Body metabolism) സംബന്ധിച്ച് വിചിന്തനത്തിനുള്ള മാർഗ്ഗവും ഇതിൽനിന്നു ലഭിക്കുന്നതല്ല. ശാരീരികപ്രവർത്തനങ്ങളെപ്പറ്റിയുള്ള അജ്ഞത പ്രായോഗികതലത്തിൽ വലിയൊരു ന്യൂനതയുമായിരിക്കും. ത്രിഗുണതത്വങ്ങളും അതുവഴി പഞ്ചമഹാഭൂതതത്വങ്ങളും ദൈനന്ദിനമുള്ള ദൈഹികപ്രക്രിയയിൽ എങ്ങനെ കാര്യകാരിയാവുന്നു എന്ന് അഗാധമായി ചിന്തിച്ചതിന്റെ പരിണതഫലമാണ് ത്രിദോഷസിദ്ധാന്തം. ദൈഹികമായ സമസ്തപ്രക്രിയകളും വിഭാഗീയവും എന്നാൽ അന്യോന്യബദ്ധങ്ങളുമായ മൂന്നുവിധം പ്രവർത്തനങ്ങളിൽ ഒതുങ്ങിനിൽക്കുന്നുവെന്ന് ആ മഹാമനീഷികൾ കണ്ടുപിടിച്ചു. അവയെ സനിഷ്കർഷം വിശകലനം ചെയ്ത് ആയുർവേദത്തിന്റെ അടിസ്ഥാനപ്രമാണങ്ങളായി പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ ത്രിധാതുസിദ്ധാന്തത്തിന്റെ ആവിഷ്ക്കരണം വൈദ്യശാസ്ത്രചരിത്ര

ത്തിലെ ഒരു അത്ഭുതപ്രതിഭാസമായി ഇന്നും നിലകൊള്ളുന്നു. ത്രിദോഷങ്ങൾക്കും പഞ്ചഭൂതങ്ങൾക്കും ത്രിഗുണങ്ങൾക്കും തമ്മിലുള്ള സംബന്ധം മുമ്പു പറഞ്ഞുവല്ലോ. മനുഷ്യദേഹത്തിന്റെ ഉൽപ്പത്തി തന്നെ ഈ ത്രിദോഷങ്ങളിൽ നിന്നാണ് സംഭവിച്ചിട്ടുള്ളത്. (വാതപിത്തശ്ലേഷ്മാണ ഏവ ദേഹസംഭവഹേതവഃ) അത്യന്തസൂക്ഷ്മാവയവങ്ങൾ കൂടി ഇവയാൽ നിർമ്മിതമാണ്. പഞ്ചഭൂതാത്മകമായ ശരീരത്തിൽ ആത്മാവിന്റെ കണികകൾ പ്രവേശിക്കുന്നതോടുകൂടി ത്രിധാതുയുക്തനും ജീവയുക്തനുമായ ജീവി സംജാതനാവുന്നു. ദേഹപ്രവർത്തന കർമ്മമാണല്ലോ ത്രിധാതുക്കൾക്കുള്ളത്. അതുകൊണ്ട് ജീവൻ നശിക്കുന്നതോടുകൂടി ത്രിധാതുസമൂഹവും ആത്മാവും അപ്രത്യക്ഷമാവുന്നു. അതായത്, സജീവശരീരത്തിൽമാത്രമേ വാതപിത്തകഫങ്ങൾക്ക് സ്ഥാനമുള്ളൂ. നിർജ്ജീവമായാൽ പഞ്ചഭൂതാത്മകമായ ജഡംമാത്രം അവശേഷിക്കുന്നു. അതായത്, ചേതനനും (ആത്മാവ്) ജൈവപ്രക്രിയയും (ത്രിദോഷം) ഒന്നിച്ചു പ്രവർത്തിക്കുകയും ഒന്നിച്ചുനശിക്കുകയും ചെയ്യുന്നു. പ്രധാനമായും ഈ ചൈതന്യത്തെ അധികരിച്ച ശാസ്ത്രമാണ് ആയുർവേദം ; ഈ ചൈതന്യത്തിന്റെ സഹായികളായ ത്രിധാതുക്കൾ ആ ശാസ്ത്രത്തിന്റെ അടിസ്ഥാനപ്രമാണങ്ങളും. ആകാശാദികളായ പഞ്ചമഹാഭൂതങ്ങളും ചേതനയും കൂടിയ ആറു ധാതുക്കൾ ചേർന്നതാണ് ആയുർവേദത്തിലെ പുരുഷൻ. ഇവ വേറിട്ടാണെങ്കിൽ പുരുഷനെന്ന സംജ്ഞതതന്നെയില്ല.[4] പാഞ്ചഭൗതികഘടനകളെ ത്രിധാത്വാത്മകമായി പറയുന്നത് ആയുർവേദദൃഷ്ട്യാ തെറ്റല്ല. ശരീരാത്മകങ്ങളായ ശുക്ലാർത്തവങ്ങൾ സ്വതേതന്നെ ചേതനയുടെയും, പഞ്ചഭൂതങ്ങളുടെയും പരമാണു വിശേഷങ്ങൾ അടങ്ങിയതാണ്. അതുകൊണ്ട് ശരീരവും തദ്രൂപമാണ് (ഗർഭസ്തു ഖല്വന്തരീക്ഷവായ്വഗ്നിതോയഭൂമിവികാരശ്ചേതനാനുഷ്ഠാനഭൂതഃ - ച.സം.)

ദേഹത്തെ നിലനിർത്തുകയെന്ന ധർമ്മം നിർവ്വഹിക്കുന്നതുകൊണ്ടാണ് ത്രിധാതുകൾക്ക് ധാതുസംജ്ഞ ലഭിച്ചത് (ധാരണാത് ധാതവഃ) രസാദി ധാതുക്കളേയും മലമൂത്രങ്ങളേയും ദുഷിപ്പിക്കുന്ന

തുകൊണ്ട് ദോഷങ്ങൾ എന്ന പേരും സിദ്ധിച്ചു. 'ദുഷ് വൈകൃത്യേ' എന്ന ധാത്വർത്ഥപ്രകാരം വികാരങ്ങളെ (രോഗങ്ങളെ) ഉത്പാദിപ്പിക്കുന്നത് എന്നർത്ഥം. ഇവ പര്യായപദങ്ങളെന്ന നിലയ്ക്ക് ധാരാളമായി പ്രയോഗിക്കാറുണ്ടെങ്കിലും ദുഷിക്കാത്ത അവസ്ഥയിൽ ധാതുവെന്നും ദുഷിച്ച അവസ്ഥയിൽ ദോഷമെന്നുമാണ് ശാസ്ത്രീയമായി വ്യവഹരിക്കേണ്ടത്. ഈ ദോഷങ്ങൾ ഒരോ വ്യക്തിയിലും പ്രത്യേകമായ അളവിൽ സ്ഥിതിചെയ്യേണ്ടതാണ്. അതാണ് സമദോഷാവസ്ഥ അഥവാ ദോഷങ്ങളുടെ സമതുലിതാവസ്ഥ. എന്തെങ്കിലും കാരണത്താൽ ആ അവസ്ഥയിൽനിന്ന് മാറ്റംവന്നാൽ അതു ദോഷങ്ങളുടെ വിഷമാവസ്ഥ അഥവാ ദുഷ്ടാവസ്ഥയാണ്. സമാവസ്ഥ ആരോഗ്യത്തിനും വിഷമാവസ്ഥ രോഗത്തിനും കാരണമാകുന്നു. (രോഗസ്തു ദോഷവൈഷമ്യം ദോഷസാമ്യമരോഗതാ). വിഷമങ്ങളായ ദോഷങ്ങളെ സമങ്ങളാക്കുകയാണ് ചികിത്സയുടെ ധർമ്മം. ഈ ത്രിദോഷങ്ങളെപ്പറ്റി നിരവധി തെറ്റിദ്ധാരണകൾ അഭ്യസ്തവിദ്യർക്കുപോലുമുണ്ട്. വാതപിത്തകഫങ്ങൾക്ക് യഥാക്രമം Wind, Bile, Phlegm എന്ന് തെറ്റായ തർജ്ജമ പ്രചരിച്ചതാണ് അതിനുകാരണം. ആയുർവേദം ആദിമകാലങ്ങളിൽ ഈജിപ്ത് വഴി ഗ്രീസിലും റോമിലും പ്രചരിക്കുകയും അവരുടെ വിവർത്തനപദങ്ങളെ ആധാരമാക്കി ഇംഗ്ലീഷ് ഭാഷയിൽ തർജ്ജമചെയ്യപ്പെടുകയും ചെയ്തതിനാൽ സംഭവിച്ച കുഴപ്പമാണിത്.

ത്രിദോഷങ്ങളുടെ പരിധിയിൽപ്പെടാത്ത ഒറ്റ ദേഹപ്രക്രിയയും ഇല്ലെന്നു മുമ്പേ പറഞ്ഞുവല്ലോ. മൂർത്തിമത്തായ ചില പ്രവർത്തനങ്ങൾ മാത്രമല്ല അവ. സത്വരജസ്തമോഗുണങ്ങളിൽ അന്തർഭവിച്ചുകിടക്കുന്ന ബുദ്ധിപരവും വികാരപരവുമായ എല്ലാ പ്രവർത്തനങ്ങളിലേയ്ക്കും അവ വ്യാപിച്ചുകിടക്കുന്നുണ്ട്. ഈ ദോഷങ്ങൾ വെറും ശക്തികൾ മാത്രമല്ല. ശക്തിയുക്തങ്ങളായ ദ്രവ്യങ്ങളാണ്. ഇവ ഓരോന്നിന്റേയും അയ്യഞ്ചു വിഭാഗങ്ങളോടുകൂടി ശാസ്ത്രഗ്രന്ഥങ്ങളിൽ വളരെ വിസ്തരിച്ച് ഉപപാദിച്ചിട്ടുള്ളത് മനസ്സിലാക്കിയാൽ എല്ലാ തെറ്റി

ദ്ധാരണകളും അസ്തമിക്കുന്നതാണ്. കാലിന്മേലോ മറ്റോ തോന്നുന്ന വേദന വാതമെന്നും മഞ്ഞപ്പിത്തത്തിൽ കണ്ണിൽ കാണുന്ന മഞ്ഞ നിറം പിത്തമെന്നും ചുമച്ചുതുപ്പുന്ന ദ്രവ്യം കഫമെന്നുമാണ് സാധാരണക്കാർ ഗണിക്കാറുള്ളത്. വാസ്തവത്തിൽ വാതപിത്തകഫങ്ങൾ ദേഹത്തിൽ നടക്കുന്ന ജൈവപ്രക്രിയകളാണ് (Biological Metabolism). സഞ്ചരിക്കുകയും പ്രേരിപ്പിക്കുകയും എന്ന അർത്ഥത്തിലുള്ള 'വാ' ധാതുവിൽ നിന്നാണ് വാതശബ്ദത്തിന്റെ ഉൽപ്പത്തി. അതായത് ജ്ഞാനശമനചേഷ്ടാപ്രാപ്തികാരണമായിട്ടുള്ളത് എന്നർത്ഥം.[5] ഇത് നാഡിസംസ്ഥാനത്തെ പ്രേരിപ്പിക്കുന്നതെന്ന് സാമാന്യമായി പറയാം. നാഡീശക്തി (Nerve Force) എന്നതിനേക്കാൾ കുറേക്കൂടി മൂർത്തമായ രൂപം അതിനുണ്ട്. കോശശക്തി (Cell Force) അഥവാ കോശശക്തിയുടെ ആകെത്തുകയായ മഹച്ഛക്തി (Co-Ordinated cell force or Vital force)യാണ് അത്. നാഡീശക്തിയെ നിയന്ത്രിക്കുന്ന ഇച്ഛാശക്തിയുടെ നായകനുമാണ് വായു. ചലനവും വൃദ്ധിയും (Motion and Multiplication) വായുവിന്റെ ഗുണങ്ങളാണ്. അതു കോശങ്ങളെ പലവിധത്തിൽ ഘടിപ്പിച്ച് ത്വക്ക്, രക്തവാഹിനികൾ മുതലായവയെ നിർമ്മിച്ച് അന്ത:ശക്തി (Internal Force) വഴി ശരീരത്തെ സൃഷ്ടിക്കുന്നു. നാഡീസംസ്ഥാനം മാത്രമേ അതിന്റെ പ്രവർത്തനമാർഗ്ഗമായി നമുക്കു ദൃഷ്ടിഗോചരമാകുന്നുള്ളുവെന്നുമാത്രം. ചുരുക്കത്തിൽ, അന്തരീക്ഷത്തിലെ സൂര്യാദിഗ്രഹങ്ങളെ ചലിപ്പിക്കുകയും ഭൂകമ്പം ഉളവാക്കുകയും ചെയ്യുന്ന പരമശക്തിയെ മനുഷ്യശരീരത്തിൽ പ്രതിനിധാനം ചെയ്യുന്നതാണ് വാതം. വിഭു (ഈശ്വരൻ) ആയിട്ടാണ് ശാസ്ത്രകാരന്മാർ വായുവിനെ ഗണിക്കുന്നത്. ചൂടുപിടിപ്പിക്കുക എന്നർത്ഥമുള്ള 'തപ്' ധാതുവിൽ നിന്നാണ് പിത്തശബ്ദത്തിന്റെ ഉൽപ്പത്തി. പിത്തം ദേഹോഷ്ണക്രമീകരണത്തിന്റെ സംഘാടകനാണ്. രസഭൗതികപരിണാമങ്ങൾ (Metabolic Proccesses) കെട്ടിപ്പടുക്കുന്ന എല്ലാ ആഭ്യന്തരബാഹ്യസ്രാവങ്ങളുടേയും (Secretions of Ductless and ducted glands) പ്രവർത്തനം പിത്തത്തിന്റെ ധർമ്മമാണ്.

ജീവിന്റെ സൃഷ്ട്യുന്മുഖ പ്രവർത്തനങ്ങൾക്കാവശ്യമുള്ള ദേഹോഷ്ണ ക്രമീകരണം അതിന്റെ പ്രവൃത്തിയാണ് (Functions of the thermo-genesis or heat production and metabolism) ഭക്ഷണത്തെ ദഹിപ്പിക്കുകയും അതിന്റെ സത്ത് ദേഹത്തിൽ ലയിപ്പിക്കുകയും ചെയ്യുന്നത് പിത്തമാണ്. അഗ്നിയുടെ പര്യായമായി തന്നെ പിത്തശബ്ദം പ്രയോഗിച്ചു കാണാം. എന്നാൽ ദേഹത്തെ എരിയിച്ചുകളയാതെ ഉഷ്ണത്തെ ക്രമീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ അതിനെ 'സംരക്ഷണാഗ്നി' (Sustaining Fire) ആയിട്ടാണ് ശാസ്ത്രകാരന്മാർ ഗണിക്കുന്നത്. ആലിംഗനം ചെയ്യുക അഥവാ കൂട്ടിച്ചേർക്കുക എന്നർത്ഥമുള്ള 'ശ്ലിഷ്' ധാതുവിൽ നിന്നാണ് ശ്ലേഷ്മ (കഫം) പദത്തിന്റെ ഉൽപ്പത്തി. 'കേന (ജലേന) ഫലതി' എന്ന് കഫശബ്ദത്തേയും നിഷ്പാദിപ്പിക്കാം. കഫത്തിന്റെ ജലകർമ്മത്തെ ഇതു സൂചിപ്പിക്കുന്നു. ശീതീകരണപ്രക്രിയ വഴി ശരീരത്തിന്റെ സ്ഥിതിസംരക്ഷണപ്രക്രിയകളെല്ലാം കഫത്തിന്റെ ധർമ്മങ്ങളാണ്. പ്രധാനമായി താപത്തിന്റെ നിയന്ത്രണവും ദേഹസ്ഥിതികരങ്ങളായ (Preservative, Anabolic) ദ്രവങ്ങളും ഉൾക്കൊണ്ട പ്രക്രിയയാണ് കഫം. അന്തശ്ചർമ്മങ്ങളുടെ സ്രാവങ്ങളെല്ലാം (Mucous Secretions) ഇതിലുൾപ്പെടുന്നു. ജാനുക്കൾ മുതലായതിലെ സന്ധികളെ കൂട്ടിയുരുമ്മാതെ ഇഴുക്കംകൊടുക്കുന്നതും ഒഴിച്ചുനിർത്തുന്നതും കഫമാണ്. പിത്തത്തിന്റെ ഉഷ്ണാധിക്യവും വാതത്തിന്റെ രൂക്ഷത്വവും അമിതമായാൽ ആ ദോഷങ്ങളിൽനിന്നും കലകളെ രക്ഷിക്കുവാൻ അതിന്റെ ഇഴുക്കമുള്ള സ്രാവങ്ങൾക്ക് (Mucillaginous Secretions) സാധിക്കുന്നു. സ്നേഹനവും സംരക്ഷണവുമാണ് (Lubrication and presevation) കഫധർമ്മങ്ങൾ. ദേഹത്തിലുള്ള ജീവരസമാണ് കഫമെന്നു പറയാം. വാതപിത്തശ്ലേഷ്മങ്ങളുടെ സൂക്ഷ്മരൂപമാണ് ഈ പറഞ്ഞവയെല്ലാം. കണ്ണിൽ കാണുന്ന മഞ്ഞദ്രവവും തുപ്പുമ്പോൾ കാണുന്ന കഫവുമെല്ലാം ഇവയുടെ സ്ഥൂലരൂപങ്ങൾ മാത്രം. ത്രിദോഷങ്ങളുടെ ഈ പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്ത ഒരു ശാരീരിക പ്രക്രിയയും ഇല്ലെന്നുള്ളത് ഇതു

കൊണ്ടു സ്പഷ്ടമാണ്. ഈ പ്രക്രിയ ദുരൂഹമാണെന്ന് ചരകാചാര്യർ സമ്മതിക്കുന്നു. 'ലോകേ വായ്വർക്കസോമാനാം ദുർവ്വിജ്ഞേയോ യാഥാഗതിഃ ; തഥാ ശരീരേ വാതസ്യപിത്തസ്യ ച കഫസ്യ ച'. വാതപിത്തകഫങ്ങളെ വായു, സൂര്യൻ, ചന്ദ്രൻ എന്നിവരോട് ഇവിടെ ഉപമിച്ചിട്ടുള്ളത് ഗുണസാമ്യം കൊണ്ട് എത്രയും അർത്ഥവത്തുതന്നെ. സമീകൃതദ്രവവ്യവസ്ഥ (Water balance system) സമീകൃതോഷ്ണവ്യവസ്ഥ (Thermal balance system) സമീകൃതചേതനാബലം (Vital-force balance) ഈ മൂന്നും എല്ലാ ജീവജാലങ്ങളിലും ആവശ്യമായ ഘടകങ്ങളാണ്. ഈ മൂന്നു പ്രക്രിയകളെയാണ് മുൻപറഞ്ഞ സോമസൂര്യവായുക്കളായ ഉപമാനങ്ങളെക്കൊണ്ട് വ്യക്തമാക്കിയിട്ടുള്ളത്. ഈ പ്രക്രിയകളെത്തന്നെ ജലകർമ്മം, ഗതികർമ്മം, അഗ്നികർമ്മം എന്ന മൂന്നു പ്രധാനഘടകങ്ങളായും വിഭജിക്കാം. ജീവശരീരത്തിൽ ജലം കഫരൂപത്തിലും, പിത്തം അഗ്നിയുടെയും താപത്തിന്റെയും രൂപത്തിലും, സഞ്ചാരം വാതരൂപത്തിലും പ്രസ്തുതകാര്യങ്ങൾ നിർവ്വഹിക്കുന്നു. ഈ ത്രിദോഷങ്ങൾ ആത്യന്തികമായി മനസ്സിനെ ദുഷിപ്പിക്കുമെങ്കിലും മനസ്സിന്റെ ദോഷങ്ങളായി രജസ്സിനെയും തമസ്സിനെയുമാണ് ഗണിച്ചിട്ടുള്ളത്. ചുരുക്കത്തിൽ ജീവിതമാകുന്ന കടംകഥയ്ക്ക് ആയുർവേദം നൽകുന്ന ഉത്തരമാണ് ത്രിദോഷസിദ്ധാന്തം.

**അനുബന്ധികൾ**

ത്രിദോഷസിദ്ധാന്താനുസാരിയായ ചികിത്സയ്ക്ക് അത്യന്താപേക്ഷിതങ്ങളായ രണ്ടു ഘടകങ്ങളാണ് ആറു രസങ്ങളും ഇരുപതു ഗുണങ്ങളും. ചികിത്സയെ എളുപ്പമാക്കാനുപകരിക്കുന്ന കരുക്കളാണ് ഇവ. മധുരം, പുളി, ഉപ്പ്, കയ്പ്, എരുവ്, ചവർപ്പ് ഇവയാണല്ലോ ആറു രസങ്ങൾ. ഔഷധങ്ങളും ഭക്ഷണങ്ങളും തിരഞ്ഞെടുക്കുവാൻ ഇവ ഏറ്റവും ഉപകാരപ്പെടുന്നു. ഇവയിൽ മധുരം, പുളി, ഉപ്പ് ഇവ വാതത്തേയും കയ്പ്, എരുവ്, ചവർപ്പ് ഇവ കഫത്തേയും ചവർപ്പ്, കയ്പ്പ്,

മധുരം ഇവ പിത്തത്തേയും ശമിപ്പിക്കുന്നു. ഇവയും ദ്രവ്യങ്ങളാകയാൽ പഞ്ചഭൂതാത്മകങ്ങൾ തന്നെ. ഉദാഹരണത്തിന് ഭൂമി ജലാധികമാണ് മധുരം. തേജോഭൂമിപ്രധാനമാണ് പുളി. ദ്രവ്യങ്ങളുടെ ഗുണപാഠത്തിൽ രസത്തിന് വളരേയധികം പ്രാധാന്യം കൊടുത്തിട്ടുള്ളതുകാരണം ചികിത്സ കൂടുതൽ സുഗമമായി തീരുന്നു. അതുപോലെ പ്രപഞ്ചത്തിലുള്ള ഗുണങ്ങൾ ആകെ ഇരുപതെണ്ണമെന്ന് തിട്ടപ്പെടുത്തിയിരിക്കുന്നു. നഗ്നദൃഷ്ടിക്കു വേഗത്തിൽ അറിയാവുന്നവയാണ് അവ. ഗുരു മന്ദം ഹിമം സ്നിഗ്ദ്ധം മുതലായി പത്തെണ്ണവും അതിന്റെ വിപരീതങ്ങളായ ലഘു തീഷ്ണം, ഉഷ്ണം രൂക്ഷം മുതലായി പത്തെണ്ണവുമാണ് അവ. ഗുരുദ്രവ്യം കൊണ്ടുള്ള ദോഷത്തിന് പ്രതിവിധിയായി ഗുരുദ്രവ്യം കൊടുക്കരുത്. കാരണം, സമാനങ്ങളായ ഗുണങ്ങൾകൊണ്ട് വർദ്ധനയേ ഉണ്ടാകൂ. (വൃദ്ധിഃ സമാനൈഃ സർവ്വേഷാം) അവിടെ വിപരീതഗുണദ്രവ്യംകൊണ്ട് ശമിപ്പിക്കണം. ദേഹത്തിൽ ഗുരുത്വമുള്ളവന് ലഘുത്വം വരുത്തുകയാണ് ചികിത്സ. വളരെകുറച്ച് ക്ലേശം കൊണ്ട് സാധിക്കാവുന്നതാണ് ഈ പ്രക്രിയ.

അപ്പോൾ ഏറ്റവും ചുരുങ്ങിയത് ത്രിദോഷലക്ഷണങ്ങളും ആറു രസങ്ങളും ഇരുപതുഗുണങ്ങളും ചിന്താവിഷയമാക്കിയിട്ടുവേണം ആയുർവേദീയമായ ചികിത്സനടത്തുവാൻ. കൂട്ടത്തിൽ ദുഷിക്കപ്പെട്ട ധാതു, കാലാവസ്ഥ, ബലം, വയസ്സ് മുതലായി പലതും സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുവേണം ദോഷൗഷധനിരൂപണം നടത്തുവാനെന്ന് വേറെയും വിധിക്കുന്നുണ്ട്. ഇതാണ് ആയുർവേദചികിത്സയിൽ അനുസരിക്കേണ്ട ചിന്താഗതി. ഇത്തരത്തിൽ ഗുണാധിഷ്ഠിതമായി രോഗനിർണ്ണയം ചെയ്യുമ്പോൾ രോഗങ്ങൾ അസംഖ്യേയമാണെന്നു കാണാം. അതുകൊണ്ട് എല്ലാ രോഗത്തിനും പേരുപറയുവാൻ സാധിച്ചില്ലെങ്കിൽ വൈദ്യൻ ലജ്ജിക്കേണ്ടതില്ലെന്നാണ് ആചാരവിധി (വികാരനാമാ കുശലോ ന ജിഹ്രീയാത് കദാചന). ആയുർവേദം രോഗിയെയാണ് ചികിത്സിക്കുന്നത്. മറ്റുപല ചികിത്സാപദ്ധതികളേയും പോലെ രോഗത്തെയല്ല. 'പരീക്ഷേതാഥ രോഗിണം' എന്ന

തിലെ 'പരീക്ഷേത' എന്ന പദത്തിന് 'അദ്ധ്യേത' (പഠിക്കുക) എന്നാണ് വ്യാഖ്യാനം. രോഗിയെ പഠിക്കണമെന്ന് താല്പര്യം. പ്രകൃതിയുടെ വികൃതികൊണ്ട് വന്നിട്ടുള്ള രോഗങ്ങൾക്ക് പ്രകൃതിയിലെ ഗുണങ്ങളെക്കൊണ്ടുതന്നെയാണ് പ്രതിവിധി കാണേണ്ടത്. അതാണ് ഗുണാധിഷ്ഠിതചികിത്സ. അത് പിഴയ്ക്കുക വയ്യ. (സ ന സ്ഖലതി ജാതുചിത്) പ്രകൃതിയെ ഉപേക്ഷിച്ച് രോഗത്തിനെ സംഹരിക്കുവാൻവേണ്ടി ചെയ്യുന്ന ഉഗ്രപ്രയോഗങ്ങൾ പ്രകൃതിയെത്തന്നെ നശിപ്പിക്കുന്നത് ഇന്ന് നിത്യാനുഭവമാണ്. പോരെങ്കിൽ, കുറുന്തോട്ടി മുറിക്കുവാനും വൻതേക്ക് മുറിക്കുവാനും ഉപയോഗിക്കുന്ന ആയുധവും ശക്തിയും ഇന്ന് ഒരുപോലെത്തേതുതന്നെയായിരിക്കുന്നു. ഔഷധജരോഗങ്ങൾ (Iatrogenic diseases) എന്ന ഒരു വിഭാഗം തന്നെ ഇന്ന് ചികിത്സാരംഗത്ത് ആവിർഭവിച്ചിരിക്കുന്നു.

**ആയുർവേദ പഠനം**

പ്രകൃതിയെ പ്രകൃതിയുടെ വഴിക്കുതന്നെ നിഷ്കർഷയോടെ കൈകാര്യം ചെയ്യുന്നവർ ഇന്നുണ്ടോ എന്നു ചോദിച്ചാൽ ഉണ്ടായിരുന്നു എന്നാണ് ഉത്തരം. ആയുർവേദം അതിമേധാവികൾക്കുള്ള ഒരു ബുദ്ധിവ്യാപാരരംഗമാണ്. തൊഴിലില്ലായ്മ പരിഹരിക്കുവാനുള്ള ഒരു ലളിത പന്ഥാവല്ല. നിഷ്കർഷിച്ചു പഠിച്ചും സ്വയം അനുമാനം അഭ്യസിച്ചും ഗുരുക്കന്മാരുടെ യുക്തിചിന്തയെ അനുധാവനം ചെയ്തും വശഗമാക്കേണ്ടുന്ന ഈ വിദ്യ ക്ലാസ്സ് മുറികളിലെ വഴിപാടുപ്രസംഗങ്ങളിൽ കൂടി വളർത്തിയെടുക്കാമെന്ന പക്ഷക്കാരനല്ല ഈ ലേഖകൻ. പ്രത്യക്ഷവും അനുമാനവും തമ്മിലും വസ്തുക്കളും ഗുണങ്ങളും തമ്മിലും ഉള്ള മൗലികമായ അന്തരമാണ് ഇവിടെ ഗണനീയം. ആചാര്യന്മാർ ഏതുവിധത്തിൽ അഭ്യസിക്കുവാനും കൈകാര്യം ചെയ്യുവാനും ഉദ്ദേശിച്ചുവോ ആ വിധത്തിൽ പഠിക്കുകയും പ്രവർത്തിക്കുകയും ഇല്ലാതെ പോയാൽ ആയുർവേദത്തിന്റെ അന്തഃസത്ത നശിച്ചതുതന്നെ.

1. സമദോഷഃ സമാഗ്നിശ്ച സമധാതുമലക്രിയഃ
പ്രസന്നാത്മേന്ദ്രിയമനഃ സ്വസ്ഥ ഇത്യഭീധീയതേ

2. രാഗാദിരോഗാൻ സതതാനുഷക്താ-
നശേഷകായപ്രസൃതാനശേഷാൻ
ഔത്സുക്യമോഹാരതിദാൻ ജഘാന
യോപൂർവ്വവൈദ്യായ നമോസ്തു തസ്മൈ

3. അവ്യക്തം (Unmanifested),. മഹത് (Cosmic Matter), അഹങ്കാരം (Self sence), അഞ്ചു തന്മാത്രകൾ

4. ഖാദയശ്ചേതനാ ഷഷ്ഠാ, ധാതവഃ പുരുഷഃ സ്മൃതാഃ
ചേതനാധാതുരപ്യേകഃ സ്മൃതഃ പുരുഷസംജ്ഞകഃ

5. 'വാ വാനേ' അഥവാ 'വാതീതി വായുഃ' എന്നും വാതശബ്ദത്തെ നിർവ്വചിക്കാം. അതായത് ദൃഗ്ഗോചരമല്ലാത്തവിധം ഗമനം ചെയ്യുന്നത് എന്നർത്ഥം.

*(കടപ്പാട് : സാഹിത്യ അക്കാദമി)*





Ayurvedic Hospital & Research Centre, Delhi


Ayurvedic Hospital & Research Centre, Aluva (Kochi)


Ayurvedic Hospital & Research Centre, Kolkata

# കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം

ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.

AYURVEDA - THE AUTHENTIC WAY

Vaidyaratnam P.S. Varier's
**ARYA VAIDYA SALA**
(A CHARITABLE TRUST)
KOTTAKKAL-676 503, KERALA



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / avsho@sancharnet.in Web: www.aryavaidyasala.com

ഡൽഹിയിലും കോട്ടയ്ക്കലും എറണാകുളത്തും കൊൽക്കത്തയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപഠനസൗകര്യങ്ങൾ | 20 ശാഖകൾ, 1200-ലധികം അംഗീകൃത വിതരണക്കാർ | പി.എസ്.വി. നാട്യസംഘം | വൈദ്യരത്നം പി.എസ്. വാരിയർ ട്രസ്റ്റും